# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

*2011 ഫെബ്രുവരി 24, വ്യാഴം*

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2011 ഫെബ്രുവരി മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 301.

**സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണം**

**1 (*301)** ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) കോർപ്പറേഷൻ എത്ര ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട് : എവിടെയെല്ലാം ;

(സി) നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ എന്തെല്ലാം സാധനങ്ങളാണ് ഇവിടെ വിൽപ്പന നടത്തുന്നത് ;

(ഡി) വൻകിട കമ്പനികളുടെ വീട്ടെയിൽ സംരംഭങ്ങളെ നേരിടാൻ കഴിയുംവിധം ഇവയെ സജ്ജമാക്കുമോ ;

(ഇ) കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ,

(എ) സപ്ലൈകോ വിൽപ്പനശാലകളുടെ നവീകരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ അനുബന്ധം എ-ആയി ചേർത്തിരിക്കുന്നു.*

(ബി) 3 ഹൈപ്പർ മാർക്കറ്റുകളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. എറണാകുളം, തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിലാണ് ഇവ ആരംഭിച്ചിട്ടുള്ളത്.

(സി) എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ എല്ലാ ഉപഭോക്തൃ താത്പര്യ ഉത്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം. പച്ചക്കറി, ബേക്കറി, ഗിഫ്റ്റ്/പ്രസന്റേഷൻ, പാദരക്ഷകൾ, തുണിത്തരങ്ങൾ-ക്രോക്കറി തുടങ്ങി എല്ലാ സാധനങ്ങളും ലഭ്യമാക്കും.

(ഡി) വൻകിട കമ്പനികളുടെ സംരംഭങ്ങളെ നേരിടാൻ കഴിയുംവിധമാണ് ഹൈപ്പർമാർക്കറ്റുകൾ ഒരുക്കിയിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ള ഫർണിഷിംഗ്, പൂർണ്ണമായും ശീതികരണ സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയ വിൽപ്പനശാലകൾ ആണ് ഹൈപ്പർ മാർക്കറ്റുകൾ. സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കാനും ഇവിടെ സൗകര്യമുണ്ടായിരിക്കും. ഇതുമൂലം സാധാരണ ഉപഭോക്താക്കൾക്ക് വിപണന രംഗത്തെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കാനും മിതമായ വിലയ്ക്ക് അവർക്ക് ആവശ്യമുള്ള വസ്തുക്കൾ വിതരണം ചെയ്യാനും കഴിയുന്നു. ഇതിനുപുറമേ എല്ലാ വിൽപ്പനശാലകളും വൃത്തിയായി സൂക്ഷിച്ച് പരമാവധി ഉപഭോക്തൃ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിട്ടുമുണ്ട്.

(ഇ) വിൽപ്പനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇതിനോടകംതന്നെ നടപടിയെടുത്തിട്ടുണ്ട്. സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കാൻ കഴിയുന്ന വിൽപ്പനശാലകളിൽ നവീന റാക്കുകൾ, ട്രോളി എന്നിവ ഏർപ്പെടുത്തി കൂടുതൽ ആകർഷകമാക്കി. വിൽപ്പനകേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ ആവശ്യമായ നടപടി എടുത്തു. വിൽപ്പനശാലകൾ മോടിപിടിപ്പിക്കുകയും നവീന ബോർഡുകൾ സ്ഥാപിച്ച് കൂടുതൽ ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും അവർ വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കാനും ആവശ്യമായ നടപടികൾ എടുത്തു.

ശ്രീ. എം. ചന്ദ്രനുവേണ്ടി (ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി) : സർ, സപ്ലൈകോ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 394 കോടി രൂപ നഷ്ടം സഹിച്ചും സാധാരണ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പരിപാടി അവിടെ നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള പരിപാടികൾ ഇനിയും നടത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സപ്ലൈകോ നടത്തേണ്ടതുണ്ട്. അതുപോലെ ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളതുപോലെ

*ഫൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 13

ബി.പി.എൽ./എ.പി.എൽ. പരിഗണനയില്ലാതെ രണ്ട് രൂപയ്ക്ക് അരി എല്ലാവർക്കും കൊടുക്കുക എന്ന സംവിധാനവും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള പരിപാടി സപ്ലൈകോയിൽക്കൂടി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായം നേടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, സപ്ലൈകോ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക എന്നുള്ളത് ഏറ്റവും പ്രധാനമായ കാര്യമാണ്. രാജ്യം മുഴുവൻ കേരളത്തിന്റെ മാതൃക ഉറ്റുനോക്കുകയാണ്. പ്രധാനമന്ത്രിതന്നെ അക്കാര്യം കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. 2006-07-ൽ 30 കോടി രൂപ ബഡ്ജറ്റിൽ വച്ചിരുന്ന സ്ഥാനത്താണ് ഈ വർഷം ബഡ്ജറ്റ് അലോക്കേഷനിൽ 99 കോടി രൂപ വന്നത്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ ഇപ്പോഴത്തെ ബഡ്ജറ്റിൽ 500 കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. പതിമൂന്ന് ഇനം സാധനങ്ങൾ കൂടി റേഷൻ കടകളിൽ കൂടി കൊടുക്കുന്നതിന്റെ ഭാഗമായി ഏകദേശം മൂവായിരത്തോളം കടകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണമേൻമയുള്ള 13 ഇനം സാധനങ്ങൾ റേഷൻ കടകളിൽ കൂടി കൊടുക്കുമ്പോൾ സപ്ലൈകോയുടെ വിൽപ്പനയും പൊതുവിതരണവും ഒന്നുകൂടി ശക്തിപ്പെടും. നാഷണൽ ഫുഡ് സെക്യൂരിറ്റി ബില്ലിന്റെ ഡ്രാഫ്റ്റ് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതുപ്രകാരം ഇന്ന് റേഷൻ വാങ്ങുന്നവരുടെ നല്ല ഒരു ശതമാനം നമ്മുടെ റേഷൻ ലിസ്റ്റിൽനിന്ന് ഒഴിഞ്ഞു പോകും. അത്തരമൊരു സാഹചര്യത്തിൽ മാവേലി സ്റ്റോറുകളായാലും റേഷൻ കടകളായാലും ഒന്നുകൂടി ശക്തിപ്പെടുത്തി കൂടുതൽ ജനങ്ങളെ സഹായിക്കുന്ന പദ്ധതിയാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് നമുക്ക് കൂടുതൽ സഹായം ആവശ്യപ്പെടാം.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി</u> : മുൻ സർക്കാരിന്റെ കാലത്ത് സപ്ലൈകോയിൽ നടന്ന 135 കോടി രൂപയുടെ അഴിമതി കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഉറ്റുതിന്നവർ വെള്ളം കുടിക്കുമോ സർ ; ആ കേസിന്റെ നിജസ്ഥിതി ഒന്നു വിശദീകരിക്കാമോ ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : ഇത് സംബന്ധിച്ച് ഇവിടെ നേരത്തെതന്നെ വിശദമാക്കിയിട്ടുള്ളതാണ്. നേരത്തെയെടുത്ത കേസ്സുകളെല്ലാം ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ പരിശോധനകളും അതുപോലെ വിജിലൻസ് അന്വേഷണങ്ങളുമൊക്കെ ഒന്നുകൂടി ശക്തിപ്പെടുത്തിയിട്ടുണ്ട്. എത്ര ഉന്നതരായാലും ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിച്ചിട്ടുള്ളവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഇവിടെ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : സർ, എന്റെ നിയോജകമണ്ഡലത്തിൽ അതിരപ്പിള്ളി പഞ്ചായത്തിൽ ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും ഗുണം ചെയ്യുന്ന രീതിയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിച്ചതിൽ തോട്ടം തൊഴിലാളികളും ആദിവാസികളും വളരെ സന്തോഷത്തിലാണ്. അതിന്

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 13

സർക്കാരിനും വകുപ്പിനും നന്ദി പ്രകാശിപ്പിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സർക്കാർ പ്രതിവർഷം എത്ര തുക നൽകിയിട്ടുണ്ട്; മുൻ സർക്കാർ നൽകിയ തുക എത്രയാണ് ? വിൽപ്പനകേന്ദ്രങ്ങളുടെ നവീകരണംമൂലം ഉപഭോക്താക്കൾക്കുണ്ടായ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ് ?

ശ്രീ. കെ. വി. രാജേന്ദ്രൻ : ഒൻപത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിച്ചതിൽ ഒന്ന് ചാലക്കുടിയിലാണ്. പ്രധാനമായും ചാലക്കുടിയെ തെരഞ്ഞെടുത്തത്, ആദിവാസി മേഖലയും മാവേലി സ്റ്റോറിലേക്ക് ജനങ്ങൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ള മേഖലയായതുകൊണ്ടുമാണ്. 2006-07-ൽ 30 കോടി രൂപയായിരുന്നു ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. 2007-08-ൽ അത് 50 കോടി രൂപയായി വർദ്ധിപ്പിച്ചു. 2008-09-ൽ 105 കോടി രൂപയാണ് അനുവദിക്കപ്പെട്ടത്. 2009-10-ൽ 83 കോടി രൂപയും 2010-11 സപ്ലിമെന്ററി ഗ്രാന്റ് ഉൾപ്പെടെ 102.5 കോടി രൂപയും മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി സപ്ലൈകോയ്ക്ക് മാത്രം കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. കെ. ലതിക : സർ, എന്റെ മണ്ഡലത്തിലും നാദാപുരം മണ്ഡലത്തിലുംകൂടി ഒരു മൊബൈൽ മാവേലി സ്റ്റോർ അനുവദിച്ചതിന് സർക്കാരിനെ അഭിനന്ദിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിലക്കയറ്റം തടയുന്നതിന് നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : വിജിലൻസ് ഗുണപരിശോധനയ്ക്കുള്ള പരിശോധനാ വിഭാഗം ശക്തിപ്പെടുത്തി. അതോടൊപ്പംതന്നെ വിജിലൻസ് അന്വേഷണ നടപടികൾ കാര്യമായി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇതിനോടകം ധാരാളം കേസ്സുകൾ എടുത്തിട്ടുണ്ട്. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തേണ്ടവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോയ്ക്ക് വിശ്വാസ്യത ഉണ്ടാക്കിയതിൽ ഏറ്റവും പ്രധാനം സാധനങ്ങളുടെ ഗുണമേൻമയാണ്. വിലക്കുറവിനൊടൊപ്പം തന്നെ, ഏറ്റവും നല്ല സാധനങ്ങൾ സംഭരിക്കുകയും അതിന്റെ ക്വാളിറ്റി ഉറപ്പുവരുത്തി ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ബി. രാഘവൻ : സർ, ഈ സഭയിലെ അവസാനത്തെ ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്. അത് അനുവദിച്ചതിൽ സന്തോഷമുണ്ട്. രാജ്യമാകെ വലിയ വിലവർദ്ധന നേരിടുന്ന സന്ദർഭത്തിൽ ദേശീയ തലത്തിൽത്തന്നെ ഭക്ഷ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടിക്കൊണ്ട് പ്രധാനമന്ത്രി പറഞ്ഞു കേരളം മാതൃകയാക്കണമെന്ന്. അത് അപ്പുറത്തുള്ളവർക്ക് ബോധ്യപ്പെടുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോവഴി വിൽക്കുന്ന അവശ്യ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കമ്പോള വിലയിൽനിന്ന് എത്ര ശതമാനം വിലക്കുറവാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 5 of 13

ശ്രീ. കെ. പി. രാജേന്ദ്രൻ : സപ്ലൈകോവഴി വിൽക്കുന്ന സാധനങ്ങളുടെ വിലയൊന്നുംതന്നെ വർദ്ധിപ്പിച്ചിട്ടില്ല. മാത്രമല്ല, വില കൂടിയാലും ഏറ്റവും നല്ല ക്വാളിറ്റിയുള്ള സാധനങ്ങളാണ് സംഭരിക്കുന്നത്. വില കൂട്ടാതെ 2006 മുതൽ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഉദാഹരണം സൂചിപ്പിക്കാം. മുളകിന് സപ്ലൈകോയിലെ വില നാൽപ്പത്തഞ്ചു രൂപയാണ്. മാർക്കറ്റിലെ ശരാശരി വില 89 രൂപ. മറ്റ് സംസ്ഥാനങ്ങളിൽ ശരാശരി 101 രൂപയുമാണ്. ചെറുപയർ 66 രൂപയ്ക്ക് മാർക്കറ്റിൽ വിൽക്കുമ്പോഴാണ് 28 രൂപയ്ക്ക് സപ്ലൈകോയിൽ കൊടുക്കുന്നത്. ഇതിന് ഉദാഹരണങ്ങളുണ്ട് ; വിശദീകരിക്കുന്നില്ല. 13 ഇനങ്ങൾ കൂടി റേഷൻ കടകൾ വഴി കൊടുക്കുമ്പോൾ പതിനായിരക്കണക്കിന് ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.

ശ്രീ. അടൂർ പ്രകാശ് : സർ, 3000 റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ നൽകാൻ ബഡ്ജറ്റിലൂടെ നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്നാണ് ഇവിടെ പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിലുള്ള 14000-ഓളം വരുന്ന റേഷൻ കടകളിൽ ഒരു പരീക്ഷണമെന്നുള്ള നിലയിൽ പത്ത് ശതമാനത്തോളം റേഷൻ കടകൾ തെരഞ്ഞെടുത്തുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാണ്ട് 1240-ഓളം റേഷൻ കടകൾ തെരഞ്ഞെടുത്തുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ 3000-ഓളം വരുന്ന റേഷൻ കടകളെ തെരഞ്ഞെടുക്കുമെന്ന് പറയുമ്പോൾ നേരത്തെ തെരഞ്ഞെടുത്ത 1240-ഓളം റേഷൻ കടകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണോ തെരഞ്ഞെടുക്കുന്നത് ; മാത്രമല്ല, ഇന്ന് നിത്യോപയോഗ സാധനങ്ങൾ കൃത്യമായി നൽകുന്നില്ല. സാധനങ്ങൾ കൃത്യമായി നൽകുന്നതിനുള്ള നടപടികൾ ഏതെങ്കിലും വിധത്തിൽ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോക്ക് ഗവൺമെന്റ് നൽകിയ സംഖ്യ ഞാൻ പറഞ്ഞു. പൊതുവിതരണ മേഖലയ്ക്ക് മൊത്തത്തിൽ ഏകദേശം 500 കോടി രൂപയിലധികം ചെലവഴിക്കപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്. ഇവിടെ ശ്രീ. അടൂർ പ്രകാശ് ചൂണ്ടിക്കാണിച്ച കേരളത്തിലുള്ള പതിനായിരത്തോളം വരുന്ന റേഷൻ കടകളിൽ നേരത്തെ തെരഞ്ഞെടുക്കപ്പെട്ടതും ചെറിയ തോതിൽ ആരംഭിച്ചതുമായ റേഷൻ കടകൾ ഉൾപ്പെടെ, 3000 കടകൾ തെരഞ്ഞെടുത്തിട്ടുള്ളത് ഗുണഭോക്താക്കളുടെ ആവശ്യം, സ്ഥലത്തിന്റെ സൗകര്യം, ജനങ്ങൾ എത്തിച്ചേരുന്നത്, ഇതെല്ലാം കണക്കിലെടുത്താണ്. ജനങ്ങളെ കൂടുതൽ സഹായിക്കാൻ കഴിയുന്ന ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് 3000 കടകൾ തെരഞ്ഞെടുത്തത്. അതിലൂടെ 13 ഐറ്റം സാധനങ്ങളാണ് വിറ്റഴിക്കുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, എല്ലാവരും പറയുന്നതുപോലെ തന്നെ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾ ഏറ്റവും കൂടുതൽ സഹായകരമാണ്. കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റിനെ ബിഗ്ബസാർ ആക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 6 of 13

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, ഇതിനകം തന്നെ കനോളത്തിൽ നല്ല വണ്ണം ഇടപെടാൻ കഴിയുന്ന വിധത്തിൽ മാവേലി സ്റ്റോറിന്റെ എണ്ണം വർദ്ധിപ്പിച്ചു. ഇന്ന് 873 മാവേലിസ്റ്റോറുകളും 343 സൂപ്പർ മാർക്കറ്റുകളും, 13 പീപ്പിൾസ് ബസാറും, 3 ഹൈപ്പർ മാർക്കറ്റും മെഡിക്കൽ സ്റ്റോറുകൾ, പെട്രോൾ പമ്പുകൾ, എൽ.പി.ജി. ഔട്ട് ലെറ്റ്, ആപ് കാ ബസാർ, ശബരി സ്റ്റോർ, മൊബൈൽ മാവേലി സ്റ്റോർ കൂടാതെ 3000 റേഷൻ കടകളും അനുവദിച്ചിട്ടുണ്ട്. കൊട്ടാരക്കരയുടെ പ്രാധാന്യം എനിക്കറിയാം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, എന്റെ നിയോജക മണ്ഡലത്തിലെ മധുർ പഞ്ചായത്തിലെ ഉളിയത്തടുക്കയിൽ ഓണത്തിനുമുമ്പ് ഒരു മാവേലി സ്റ്റോർ അനുവദിച്ചിരുന്നുവെങ്കിലും ഇതുവരെ സൗജന്യമായി ഒരു കമ്പ്യൂട്ടർ കിട്ടിയില്ല എന്ന കാരണത്താൽ തുറന്നുപ്രവർത്തിക്കാത്ത സാഹചര്യത്തിൽ എന്നത്തേക്ക് പ്രസ്തുത മാവേലി സ്റ്റോർ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, 122 മാവേലിസ്റ്റോറുകളാണ് പുതുതായി തുടങ്ങിയത്. എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ നിന്നുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കുറച്ചു മാവേലിസ്റ്റോറുകൾകൂടി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു. ശ്രീ. സി. ടി. അഹമ്മദ് അലിയുടെ നിയോജകമണ്ഡലമായ കാസർഗോഡ് എത്രയും പെട്ടെന്ന് കമ്പ്യൂട്ടർ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഒരു പഞ്ചായത്തിന് ഒന്നും അതിലധികവും മാവേലി സ്റ്റോറുകൾ ആരംഭിച്ച് ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. എന്റെ മണ്ഡലം ഇടുക്കി ജില്ല .ധാരാളം തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അതുകൊണ്ട് തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകമായി മാവേലി സ്റ്റോറുകൾ അനുവദിക്കുമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, അതിന് ഗവൺമെന്റ് തീരുമാനിച്ച ഒരു അംഗീകൃത നയം തന്നെയുണ്ട്. തോട്ടം തൊഴിലാളി മേഖലകളിൽ, പ്രത്യേകിച്ച് അടച്ചുപൂട്ടിക്കിടക്കുന്ന മേഖലകളിൽ മാവേലിസ്റ്റോറുകൾ നടപ്പാക്കി, മറ്റു മേഖലകളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ഔട്ട് ലെറ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ നയമാണ്. തീർച്ചയായിട്ടും ശ്രീ. ജയചന്ദ്രൻ പറഞ്ഞ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇന്നത്തെ പത്രങ്ങളിലെല്ലാം വന്ന ഒരു വാർത്ത, നിലമ്പൂർ താലൂക്കിൽ റേഷൻ കടകളിൽ ഈ മാസം പകുതി അരിപോലും എത്തിയിട്ടില്ല എന്നതാണ്. അത് വലിയൊരു പ്രക്ഷോഭമായി മാറിയിരിക്കുകയാണ്. ഉടൻതന്നെ നിലമ്പൂർ താലൂക്കിലേക്ക് വേണ്ടത്ര അരി റേഷൻ കടകളിൽക്കൂടി നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തീർച്ചയായിട്ടും ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ സൂചിപ്പിച്ച കാര്യത്തിൻമേൽ ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്. പത്രത്തിൽ വാർത്ത വന്നിട്ടുണ്ടെങ്കിൽ അത് ഗൗരവമുള്ളതാണ്. അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. കെ. രാജു : സർ, താലൂക്കുതല ഡിപ്പോകളിൽ ചില അസിസ്റ്റന്റ് മാനേജർമാർ ആവശ്യത്തിന് സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. മുൻകൂട്ടി കണ്ട് സ്റ്റോക്ക് പൂർണ്ണമായി തീരുന്നതിനുമുമ്പു തന്നെ ഓർഡർ നൽകി ആവശ്യമായ സ്റ്റോക്ക് സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ചില അസിസ്റ്റന്റ് മാനേജർമാർ സ്വീകരിക്കാത്തതുകൊണ്ട് ചിലപ്പോൾ ചില ഔട്ട്‌ലെറ്റുകളിൽ ഈ സാധനങ്ങൾ എല്ലാസമയത്തും ലഭ്യമാകാതെവരുന്ന സ്ഥിതിയുണ്ട്. അസിസ്റ്റന്റ് മാനേജർമാർ ഈ ഒരു സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് സ്റ്റോക്കുകൾ എടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇപ്പോൾ മാവേലി സ്റ്റോറുകളിലെല്ലാം സാധനങ്ങൾ കൃത്യമായി എത്തുകയും ആവശ്യത്തിന് കൊടുക്കുകയും ചെയ്യുന്നുണ്ട്. ഒറ്റപ്പെട്ട ഏതെങ്കിലും പരാതികൾ ഉണ്ടെങ്കിലേയുള്ളൂ. ഇവിടെ ശ്രീ. കെ. രാജു ചൂണ്ടിക്കാണിച്ച അസിസ്റ്റന്റ് മാനേജർമാർ ഏതെങ്കിലും തരത്തിൽ ഇത്തരമൊരു ക്രമക്കേടോ വീഴ്ചയോ വരുത്തുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണ്. അതിനുകഴിയുന്ന വിധത്തിൽ നിർദ്ദേശം കൊടുക്കാം. പൊതുവേ അങ്ങനെയൊരു പരാതിയില്ല.

ശ്രീ. കെ. ബാബു : സർ, മുൻ ഗവൺമെന്റിന്റെ കാലത്തെ ഏതോ ഒരു കേസ്സിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ആ കേസ്സിൽ 1996-2001 കാലഘട്ടത്തിലെ പഞ്ചസാര കുംഭകോണക്കേസ്സുകൂടി ഉൾപ്പെടുമോയെന്ന് അറിയാൻ താല്പര്യമുണ്ട്. റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഗോതമ്പ് റേഷൻ കടകളിലൂടെ വിതരണം ചെയ്യാതെ പ്ലവർ മില്ലുകാർക്ക് കൊടുത്തതായുള്ള ആക്ഷേപത്തെത്തുടർന്ന് 23000 ടൺ ഗോതമ്പ് വിതരണം ചെയ്തുകഴിഞ്ഞപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇടപെട്ട് അത് നിർത്തിവയ്ക്കുക യുണ്ടായി. ബാക്കി ഗോതമ്പിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഗോതമ്പിന്റെ വിതരണത്തെ സംബന്ധിച്ച് ചില പരാതികൾ വന്ന സന്ദർഭത്തിൽ അന്വേഷിക്കുകയും അതിൽ വീഴ്ച വരുത്തിയ ആളുകളുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യും. മുമ്പും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നമുക്ക് കിട്ടുന്ന അരിയായാലും ഗോതമ്പായാലും നമ്മുടെ ആവശ്യത്തിന് തികയുന്നില്ല. കാരണം റേഷൻകട കളിലൂടെ കൂടുതൽ ജനങ്ങൾ സാധനങ്ങൾ വാങ്ങുന്നുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഭക്ഷ്യവകുപ്പുമന്ത്രിയും ഒന്നിച്ച് അരിയുടെ വിഹിതത്തോടൊപ്പം ഗോതമ്പിന്റേയും പഞ്ചസാരയുടേയും മണ്ണെണ്ണയുടേയും വിഹിതം കൂട്ടണമെന്നുള്ള കേരളത്തിന്റെ പൊതു ആവശ്യം പ്രധാനമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള കേസ്സുകളുടെ അന്വേഷണമെല്ലാം തുടരുന്നുണ്ട്.

ശ്രീ. വി. എൻ. വാസവൻ : സർ, കോട്ടയം ജില്ലയിൽ ഈ മാസവും അടുത്ത മാസവും വിതരണം ചെയ്യുന്നതിനുവേണ്ടി എത്തിയിരിക്കുന്നത് പച്ചരിയാണ്. സാധാരണ പുഴുക്കലരിയാണ് വന്നുകൊണ്ടിരുന്നത്. അതുകൊണ്ട് എഫ്.സി.ഐ.യുടെ ഗോഡൗണിൽ പച്ചരി മാത്രമായി അയച്ചത് മാറ്റി സാധാരണ ലഭിച്ചുകൊണ്ടിരുന്ന രൂപത്തിൽ പുഴുക്കലരി അയയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, ശ്രീ. വാസവൻ ചൂണ്ടിക്കാണിച്ചത് അടിയന്തരമായി ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ തവണ ബി.പി.എൽ. ലിസ്റ്റുണ്ടാക്കി. 12 ക്ലേശ ഘടകങ്ങൾ നോക്കിയാണ് ബി.പി.എൽ. ലിസ്റ്റുണ്ടാക്കുന്നത്. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ നോക്കി സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകളിൽ വേറൊരു ബി.പി.എൽ. ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. 24 ലക്ഷം ആളുകളാണ് ആകെ ബി.പി.എൽ. ലിസ്റ്റിനകത്ത് വന്നിട്ടുള്ളത്. ഇപ്പോൾ ഏറ്റവും അവസാനമായി ഈ ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തെ ഭരണത്തിനു ശേഷം കേരളത്തിലെ ബി.പി.എൽ. ലിസ്റ്റിൽ ഏതാണ്ട് 50 ലക്ഷത്തിനടുത്ത് ആളുകൾ വരുമെന്നാണ് ഔദ്യോഗികമായി പറഞ്ഞിരിക്കുന്നത്. അപ്പോൾ ദാരിദ്ര്യ വർദ്ധനവാണ് ഈ സംസ്ഥാനത്ത് വന്നിട്ടുള്ളതെന്നും അതിന്റെ പ്രധാനപ്പെട്ട കാരണമെന്താണെന്നും അങ്ങേയ്ക്ക് വിശദീകരിക്കാമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യം ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഞാൻ വിശദീകരിക്കാം. കേന്ദ്രത്തിന്റെ മാനദണ്ഡം അനുസരിച്ചാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നത്. അർഹതപ്പെട്ട ധാരാളംപേർ ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഒഴിവാകുന്നു എന്ന പരാതി നമ്മളെല്ലാവരും എല്ലാ സന്ദർഭത്തിലും ഉയർത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ഇതിന്റെ നമ്പർ കൂട്ടി അതിൽ കൂടുതൽ പേരെ ഉൾക്കൊള്ളിച്ചില്ലെങ്കിൽ റേഷൻ മാത്രമല്ല പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിലേക്ക് കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി അവർക്ക് റേഷൻ സാധനങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്താൻ ഗവൺമെന്റുതന്നെ അതിന്റെ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുത്തുകൊണ്ടാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത്. ആ ലിസ്റ്റ് ഇപ്പോൾ പൈനലൈസ് ചെയ്തു. അതിൽ വന്നിട്ടുള്ള ആക്ഷേപങ്ങൾ കേൾക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, കേന്ദ്ര സർക്കാരിന്റെ ബി.പി.എൽ. ലിസ്റ്റ് 11 ലക്ഷം പേരുടേതാണ്. എന്നാൽ സംസ്ഥാനത്തെ ജനങ്ങളുടെ നില പരിശോധിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇപ്പോൾ 35 ലക്ഷംപേരുടെ ലിസ്റ്റാണ് ഇറക്കിയിട്ടുള്ളത്. ഇനി ആരെങ്കിലും എവിടെയെങ്കിലും വിട്ടുപോയതായി ആക്ഷേപം ഉണ്ടെങ്കിൽ, അസംഘടിത മേഖലയിലെ കൂലിവേലക്കാരിൽ ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയുംകൂടി ഉൾപ്പെടുത്തി 40 ലക്ഷം കുടുംബങ്ങളുടെ ബി.പി.എൽ. ലിസ്റ്റ് ആയിരിക്കും ഉണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Page 9 of 13

ശ്രീ. കെ. സി. കുഞ്ഞിരാമൻ : സർ, ധാരാളം ആദിവാസികളും തോട്ടം തൊഴിലാളികളും താമസിക്കുന്ന എന്റെ നിയോജകമണ്ഡലത്തിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ വാഹനം കട്ടപ്പുറത്തായിട്ട് മാസങ്ങളായി. അതിന്റെ കേടുപാടുകൾ തീർക്കാനും സഞ്ചാരയോഗ്യമാക്കാനും എത്രയുംവേഗം നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ആദിവാസികളുടെ മേഖലകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുക, മാവേലി സ്റ്റോറിലൂടെ നൽകുന്ന സാധനങ്ങൾ അവർക്ക് കൃത്യമായി ലഭ്യമാക്കുക, അതുപോലെ വിശേഷാവസരങ്ങളിൽ ആദിവാസി കുടുംബങ്ങൾക്ക് നേരിട്ട് നല്ല പുഴുക്കലരി ഉൾപ്പെടെ എത്തിച്ചു കൊടുക്കുക തുടങ്ങിയ പല പദ്ധതികളും നമ്മൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ പ്രയോജനം ആ മേഖലകളിൽ നല്ലവണ്ണം ലഭിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി ഉത്സവസീസണുകളിൽ 16 രൂപയ്ക്കുള്ള പുഴുക്കലരി 12 കിലോ പായ്ക്കറ്റുകളിലാക്കി എത്തിക്കുന്നുണ്ട്. സഞ്ചരിക്കുന്ന വാഹനത്തിന്റെ കാര്യത്തിൽ എവിടെയെങ്കിലും അങ്ങനെ കേടായി കിടക്കുന്നുണ്ടെങ്കിൽ അത് അടിയന്തരമായി നന്നാക്കേണ്ടതാണ്. അത് നന്നാക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഒറ്റപ്പെട്ടുകിടക്കുന്ന ആദിവാസി ഊരുകളിൽ നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടിയാണ് മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചത്, അത് നേരത്തെയുള്ളതാണ്. അത് അനുവദിച്ച കാര്യത്തിൽ എന്തെങ്കിലും മുൻഗണനാക്രമം ഉണ്ടോ ? എന്റെ നിയോജക മണ്ഡലത്തിൽ, 4 പഞ്ചായത്തുകളിലധികം ആദിവാസി ഊരുകളുണ്ട്. എന്റെ ഒരു അപേക്ഷയും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നൽകിയിരുന്നു. അങ്ങ് നേരത്തെ 9 മൊബൈൽ മാവേലി സ്റ്റോറുകളുടെ കാര്യം പറഞ്ഞു. ലിസ്റ്റ് ഇവിടെ വായിക്കാൻ കഴിയുമെങ്കിൽ അത് അറിയാൻ കഴിയും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കാസർഗോഡ്, തലശ്ശേരി, കണ്ണൂർ, വടകര, പെരിന്തൽമണ്ണ, ചാലക്കുടി, റാന്നി, നെടുമങ്ങാട്, മാനന്തവാടി എന്നിവിടങ്ങളിലാണ് 9 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിച്ചത്. അവികസിത മേഖലകൾ, മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരപ്രദേശങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. ഈ ആവശ്യം കൂടുതൽ ജനപ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൊണ്ടുവരണം. പൊതുവിതരണ സാധനങ്ങൾ വീടുകളിൽ എത്തിക്കുന്ന ഒരു സമ്പ്രദായം പുതിയതായി തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ വൈവിദ്ധ്യമാർന്ന മേഖലകളിലൂടെ കൂടുതൽ അവികസിത മേഖലകളിൽ സാധനങ്ങൾ എത്തിക്കാൻ ശ്രമിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യവും നയവും.



LIBRARY ARCHIVES Kerala Legislative Assembly

Page 10 of 13

ശ്രീ. എം. ജെ. ജേക്കബ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ ഊരുമനയിൽ ഒരു മാവേലി സ്റ്റോർ അനുവദിച്ച ഗവൺമെന്റിനെ പ്രത്യേകിച്ച് അഭിനന്ദിക്കുന്നു. ഇപ്പോൾത്തന്നെ മാവേലി സ്റ്റോറുകളിൽ ജീവനക്കാരുടെ അഭാവം വളരെ കൂടുതലാണ്. കാരണം ആളുകളെല്ലാം പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്നു. അപ്പോൾ ജീവനക്കാരില്ല, അതുകൊണ്ട് കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കൂടുതൽ പോസ്റ്റ് അനുവദിക്കാത്തതു കൊണ്ട് നിലവിലുള്ള ജീവനക്കാർക്ക് കുറച്ച് അധികമായി ജോലി ചെയ്യേണ്ടി വരുന്നുണ്ട്. ഇപ്പോൾ അവരെ സഹായിക്കാനുള്ള ചില സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ വിൽപ്പനയിൽ വന്ന വലിയ മാറ്റത്തിനനുസരിച്ച് കൂടുതൽ ജോലിഭാരം സ്വാഭാവികമായും ഉണ്ടാകും. മാവേലി സ്റ്റോറിലേക്ക് കൂടുതൽ ആൾക്കാർ വരുന്നു. മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ഈ പറഞ്ഞ നിർദ്ദേശംകൂടി ഗവൺമെന്റിന്റെ പരിഗണനയിൽ വരുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, സിവിൽ സപ്ലൈസിന്റെ ഔട്ട്‌ലെറ്റും സഹകരണ വകുപ്പുമന്ത്രിയുടെ മാർക്കറ്റ്ഫെഡിന്റെ ഔട്ട്‌ലെറ്റുമുണ്ട്. ഇവ രണ്ടിലും വിലകൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നു. സിവിൽ സപ്ലൈസിന്റെ പഞ്ചസാര വിലയേക്കാൾ 8 രൂപ സഹകരണ സംഘങ്ങളിൽ കുറവാണ് കാണുന്നത്. അപ്പോൾ എന്തുകൊണ്ട് സഹകരണ മേഖലയിലുള്ള വില മാവേലിസ്റ്റോറുകളിൽ നൽകാൻ കഴിയുന്നില്ല എന്നുചോദിക്കുന്നതോടൊപ്പം കോട്ടയം ജില്ലയിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറും തുടങ്ങിയിട്ടില്ല. ഏറ്റവും അവികസിതമായ പിന്നോക്കക്കാരും പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും വളരെയധികമുള്ള കോരുത്തോട്-മുണ്ടക്കയം മേഖലയിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ കൂടി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക എന്നുള്ളതാണ് പൊതുവായി സ്വീകരിച്ചിട്ടുള്ള നയം. സപ്ലൈകോ ആയാലും മാവേലി സ്റ്റോർ ആയാലും റേഷൻ കടകൾ ഉൾപ്പെടെ നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതെല്ലാംതന്നെ അതിന്റെ ഒരു ഭാഗമാണ്. അങ്ങനെ പൊതുവിതരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ നല്ല തുക മാറ്റിവച്ച വിവരം ഞാൻ നേരത്തെ ഉത്തരത്തിൽ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡ് നടത്തുന്ന ചന്തകളും സഹായകരമാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് ഉന്നയിച്ചതൊക്കെ പരിശോധിച്ച് കൂടുതൽ മുൻഗണനാടിസ്ഥാനത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. പള്ളിപ്രം ബാലൻ : സർ, സിവിൽ സപ്ലൈസിന്റെ കീഴിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നവരാണ് റേഷൻ കടക്കാർ. വീട്ടെയിൽ റേഷൻ കടക്കാരുടെ പരാതികൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവരുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിക്കുമെന്ന് പത്രവാർത്ത കണ്ടു. അത് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ മുൻകൈ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : കടകൾ നടത്തിക്കൊണ്ടുപോകുന്നവരെ സംരക്ഷിക്കേണ്ടതും സഹായിക്കേണ്ടതുമുണ്ട്. അവരുടെ കമ്മീഷന്റെ കാര്യമായാലും, കട നന്നാക്കി നടത്തുന്ന കാര്യമായാലും അവിടെ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള സംവിധാനം ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തീർച്ചയായും കൂടുതൽ സഹായം നൽകുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ബിഗ് ബസാർ, മോർ തുടങ്ങിയ വൻകിട കമ്പനികളോട് കൺസ്യൂമർഫെഡ്, സപ്ലൈകോ മുതലായവ പരാജയപ്പെടുന്നത് ആധുനിക വിപണന തന്ത്രങ്ങളുടെ അഭാവത്താലാണ്. ഒരു സാധനവും വാങ്ങുന്നില്ല എന്ന് തീരുമാനിച്ച് വൻകിട കമ്പനികളുടെ ഷോപ്പിംഗ് മാളിൽ ചെന്നാൽ വലിയ സംഖ്യയ്ക്ക് സാധനങ്ങൾ വാങ്ങിപ്പോരുന്നവരാണ് നമ്മുടെ നാട്ടിലുള്ളത്. ഇത്തരക്കാർ നറുക്കെടുപ്പ്, സമ്മാന പദ്ധതി ഇവ മുഖേന ജനങ്ങളെ ആകർഷിക്കുന്നു. ഈ ആധുനിക ഷോപ്പിംഗ് മാളുകളുടെ വിപണന തന്ത്രം സപ്ലൈകോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പരസ്യമായാലും ആകർഷകമായാലും കമ്പോളം ഇന്ന് വലിയ മത്സരത്തിന്റെ പിടിയിലാണ്. അവിടെ ഉപഭോക്താക്കളെ ആകർഷിക്കുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന് അവർ ധാരാളം പണവും മുടക്കും. അതൊക്കെ കമ്പോള കച്ചവടതന്ത്രത്തിന്റെ ഭാഗമാണ്. അതിനിടയിൽ നിന്നുകൊണ്ടാണ് മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ഹൈപ്പർമാർക്കറ്റുകളും പുതിയ ഒരു മേഖലയിലൂടെ കടന്നുവന്ന് ഏറ്റവും ഫലപ്രദമായ രീതിയിൽ ഈ കാര്യങ്ങൾ ചെയ്യുന്നത്. പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ്, സൂപ്പർ മാർക്കറ്റ് തുടങ്ങിയ വിൽപ്പനശാലകൾ അന്താരാഷ്ട്ര നിലവാരമുള്ള റാക്കുകൾ, ട്രോളി, ബില്ലിംഗ്, പൂർണ്ണമായ ശീതീകരണ സംവിധാനം ഇതൊക്കെ ഏർപ്പെടുത്തുന്നത് ഇതിനോട് കോംപീറ്റ് ചെയ്യുന്നതിനുവേണ്ടിയാണ്.

ശ്രീ. എ. എം. യൂസഫ് : സർ, വിലക്കയറ്റം തടയുന്നതിന് എൽ.ഡി. എഫ്. ഗവൺമെന്റ് തീരുമാനിച്ച കാര്യങ്ങൾ, മഹാബലി നാട് ഭരിക്കുന്ന കാലത്തുണ്ടായിരുന്നതിന് തുല്യമായിട്ടാണ് എനിക്ക് തോന്നുന്നത്. വിലക്കയറ്റം തടയാനായി അത്രമാത്രം ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ ഉന്നയിക്കുന്നത്, ആഗോളതാപനംകൊണ്ട് ലോകത്തിലെ ഭക്ഷ്യ ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്, ഉൽപ്പാദനം കുറയുമ്പോൾ വില കൂടും. വിലക്കയറ്റംകൊണ്ട് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് പാവപ്പെട്ട ജനങ്ങളാണ്. അതിന് പരിഹാരമുണ്ടാക്കാൻ പറ്റുന്ന ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ സ്ഥിതിതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചു. നാഷണൽ ഫുഡ് സെക്യൂരിറ്റി ബില്ലിന്റെ ഡ്രാഫ്റ്റ്

സർക്കുലേറ്റ് ചെയ്തുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അർബൻ ഏരിയായിൽ 50% പേരും റൂറൽ ഏരിയായിൽ 10% പേരും നിലവിലുള്ള റേഷൻ സമ്പ്രദായത്തിൽ നിന്ന് പുറത്തുപോകേണ്ടിവരും. 2001-ലെ സെൻസസ് പ്രകാരം അർബൻ ഏരിയായിൽ 42 ലക്ഷവും റൂറൽ ഏരിയായിൽ 24 ലക്ഷവും മുൾപ്പെടെ 66 ലക്ഷം പേർ ഈ റേഷന്റ് സമ്പ്രദായത്തിൽ നിന്ന് പോയാൽ കേരളത്തിനുണ്ടാകുന്ന ഏറ്റവും വലിയൊരു തിരിച്ചടിയായിരിക്കും അത്. അതുകൊണ്ട് കൂടുതൽ സഹായകരമായ രീതിയിൽ നല്ല സപ്പോർട്ട് കൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, മഹാബലി പ്രജകളെ കാണാനെത്തുന്നതുപോലെ വല്ലപ്പോഴും പാതാളത്തിൽ നിന്ന് പ്രജകളെ കാണാനെത്തേണ്ട ഗതികേടിലേക്ക് സർക്കാർ പോകുകയാണ്. ഏതായാലും ഇവിടെ റേഷൻ ഷോപ്പിന്റെ പരിഷ്ക്കരണത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഇവിടത്തെ ഗ്രാമപ്രദേശങ്ങളിലെ റേഷൻഷോപ്പുകാർ ഏറ്റവും കൂടുതൽ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് കടത്തുകൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ്. കാരണം അവിടെ എത്തുന്ന ഉല്പന്നങ്ങൾ ഗ്രാമങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിയാത്തതുമൂലം പലപ്പോഴും വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ വേതനംപോലും ഗ്രാമങ്ങളിലുള്ള ഒരു റേഷൻ ഷോപ്പ് ഉടമയ്ക്ക് കിട്ടുന്നില്ല. ഈ രീതിയിൽ നല്ല നിലയിൽ നടത്തിക്കൊണ്ടുപോയില്ലെങ്കിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പും വ്യാപിക്കും. ഇതൊക്കെ ഇല്ലാതാക്കാനും ഇവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാനും ഗവൺമെന്റ് ശുഷ്കാന്തി കാണിക്കുമോ ; എത്രയും പെട്ടെന്ന് ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കുമോ ?

ശ്രീ. കെ. വി. രാജേന്ദ്രൻ : സർ, റേഷൻ ലൈസൻസികളുടെ കമ്മീഷൻ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. റേഷൻകട ലാഭകരമായി നടത്തിക്കൊണ്ടുപോകുന്നതിന് റേഷൻ സാധനങ്ങൾക്ക് പുറമേ നോൺ വി. ഡി. എസ്. സാധനങ്ങൾകൂടി റേഷൻ കടകൾവഴി വിതരണം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികളെ കുറച്ചുകൂടി സഹായിച്ച് അവരെ നിലനിർത്താനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി. ജയരാജൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ ശൃംഖല വ്യാപിപ്പിക്കാൻവേണ്ടി വളരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയുണ്ടായി. എ. പി. എൽ., ബി. പി. എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും 2 രൂപയ്ക്ക് അരിയും ഗോതമ്പും കൊടുക്കുന്ന പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണെന്ന വിവരം ഇന്ന് നമ്മൾ പത്രങ്ങളിൽ വായിച്ചു. അതോടൊപ്പം സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കകത്ത് മാവേലി സ്റ്റോറുകൾ ഉണ്ട്. 2 പഞ്ചായത്തുകളിൽ ഇല്ല. അതുകൊണ്ട് തലശ്ശേരിയിൽ അനുവദിച്ച സഞ്ചരിക്കുന്ന മാവേലി സ്റ്റോർ മാവേലി സ്റ്റോർ ഇല്ലാത്ത എന്റെ മണ്ഡലത്തിലെ കണിച്ചാർ, കോളിയാട് പഞ്ചായത്തുകളിൽ അനുവദിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ആദ്യം നമ്മൾ തീരുമാനിച്ചപ്പോൾ 2 രൂപയുടെ അരി വാങ്ങുന്നവരുടെ കൂട്ടത്തിൽ ഏതാണ്ട് 13-15 ലക്ഷം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പിന്നെ അത് പടിപടിയായി വർദ്ധിപ്പിച്ചു. ഇപ്പോൾ കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുമുള്ള 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകിവരുന്നു. ഇപ്പോൾ അത് ഒന്നുകൂടി വർദ്ധിപ്പിച്ച് എല്ലാവർക്കും 2 രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മാസം 30 കോടി രൂപ എന്നുപറഞ്ഞാൽ 360 കോടി രൂപയുടെ അധിക ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച് ഈ മാർച്ച് മാസം മുതൽ എല്ലാവർക്കും 2 രൂപയ്ക്ക് അരി കൊടുക്കുന്ന പദ്ധതി നടപ്പാക്കുന്നതാണ്.

**യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

2 (*302) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന എന്തെങ്കിലും പരിശീലന പരിപാടികൾ ബോർഡ് നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ,

(എ & ബി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന യുവാക്കൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. ഇതിനു വേണ്ടി എല്ലാ പഞ്ചായത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നുണ്ട്. കോർപ്പറേറ്റ് സ്വകാര്യ മേഖലകളിലെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ജോബ് ഫെസ്റ്റ് എന്ന പേരിൽ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നുണ്ട്. വെബ്സൈറ്റ്വഴി ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സൗകര്യം, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം എന്നിവ യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ജാലകം എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly